THE ROMAN CATHOLIC DIOCESE OF VIJAYAPURAM
AD CHRISTI NOMEN 1930


**2019**
**ജൂലൈ**
വാല്യം 12 | ലക്കം 07
Annual Subscription ₹ 60.00


# വിജയപുര ദൂത്

VIJAYAPURAM DIOCESAN BULLETIN





മൂവാറ്റുപുഴ മെത്രാൻ യൂഹാനോൻ മാർ തിയഡോഷ്യസിന് സ്വാഗതം



പത്തനംതിട്ട മെത്രാൻ സാമുവൽ മാർ ഐറേനിയോസിന് സ്വാഗതം

# വിജയപുരദൂത്



VIJAYAPURAM DIOCESAN BULLETIN

**JULY 2019** Registered Newspaper, Reg.No. KERMAL/2008/24745 **Vol.12 • No.7**


THE ROMAN CATHOLIC DIOCESE OF VIJAYAPURAM
AD CHRISTI NOMEN - 1930


Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editors*
**Fr. Xavier Cherunellady**
**Adv. Henry John**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Sri. Albert John**

*Circulation Manager*
**Fr. Xavier Cherunellady**
Mob: 9946511172
Ph: 0481-2456055




## താളുകൾ മറിക്കുമ്പോൾ...


4 എഡിറ്റോറിയൽ: **കർമല മാതാവ്: നമ്മുടെ അമ്മ**

6 **2018 MISSION SUNDAY PRIZES**

7 ക്രിസ്തൂസ് വിവിത്ത്

11 കൊയ്നോണിയ – 2019

13 യുവജനദിനം 2019

16 ഇടവകവാർത്തകൾ

30 വി.എസ്.എസ്.എസ്. വാർത്തകൾ

34 അഭിവന്ദ്യ പിതാവിന്റെ ആഗസ്റ്റ് മാസ പരിപാടികൾ



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.



vijayapuradhuthu@gmail.com

Editorial

# കർമല മാതാവ്: നമ്മുടെ അമ്മ



ഈ മാസം (ജൂലൈ) 16-ാം തീയതി കർമ്മല മാതാവിന്റെ തിരുന്നാളാണ്. നമ്മുടെ രൂപതയെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട തിരുന്നാളാണിത്. കർമ്മലമാതാവ് പ്രധാന മദ്ധ്യസ്ഥയും പ്രചോദനവുമായുള്ള കർമ്മലീത്ത സന്യാസികളിൽ നിന്നാണ് നമ്മുടെ രൂപത (വിജയപുരം)യുടെ തുടക്കം. കർമ്മലീത്താ സന്യാസിയായിരുന്ന ബ്രദർ റോക്കിയുടെ നേതൃത്വത്തിൽ കോട്ടയത്തും പരിസരപ്രദേശങ്ങളിലും നടത്തപ്പെട്ട മിഷൻ പ്രവർത്തനമാണ് വിജയപുരം രൂപതയുടെ ഒരു പ്രധാന വേര്. രൂപതയുടെ ആദ്യത്തെ രണ്ടു മെത്രാൻമാർ (അഭിവന്ദ്യരായ ബൊനവെന്തൂര അരാന പിതാവും അംബ്രോസ് അബസോളോ പിതാവും) യൂറോപ്പിൽ നിന്നുള്ള കർമ്മലീത്താ സന്യാസികളായിരുന്നു. വിജയപുരം രൂപതയിലെ വിവിധ പ്രേഷിത കേന്ദ്രങ്ങളായ പയസ് നഗർ, മൂന്നാർ, കുട്ടിക്കാനം, മുണ്ടക്കയം, കോട്ടയം, തിരുവല്ല തുടങ്ങിയിടങ്ങളുടെ തുടക്കങ്ങൾ സ്പെയിനിലെ നവാരാ പ്രോവിൻസിൽ നിന്നെത്തിയ കർമ്മലീത്ത മിഷനറിമാരുടെയും സഹചരന്മാരുടെയും മിഷൻ പ്രവർത്തനങ്ങളായിരുന്നു. കർമ്മലമാതാവിന്റെ നാമധേയത്തിൽ സ്ഥാപിക്കപ്പെട്ട പല ദൈവാലയങ്ങളുമുണ്ട് വിജയപുരം രൂപതയിൽ മൂന്നാർ, കവളങ്ങാട്, ആണ്ടൂർ, തിരുവഞ്ചൂർ, വാഴൂർ, കുന്നുംഭാഗം തുടങ്ങിയ ഇടങ്ങളിൽ. ഒപ്പം കർമ്മലീത്താ സഭാ പണ്ഡിതരായ ആവിലായിലെ അമ്മ ത്രേസ്യയുടെ നാമധേയത്തിലും (പാക്കിൽ, എല്ലപ്പെട്ടി) വിശുദ്ധ കൊച്ചുത്രേസ്യയുടെ നാമധേയത്തിലും (കാന്തല്ലൂർ, കോഴിപ്പള്ളി, അയർക്കുന്നം, എലിക്കുളം, റാന്നി, മഠത്തുംഭാഗം, വനവാതൂക്കര) സ്ഥാപിതമായ ദൈവാലയങ്ങളും സ്ഥാപനങ്ങളുമുണ്ട്. കൂടാതെ കർമ്മലീത്താ അദ്ധ്യാത്മികത പുലർത്തുന്ന രണ്ടു മിണ്ടാമഠങ്ങളും, കർമ്മലീത്താ സന്യാസി (OCD) ഭവനങ്ങളും രൂപതയിലുണ്ട്. ഒപ്പം കർമ്മലീത്താ അദ്ധ്യാത്മികത പരിശീലിക്കുന്ന അനേകം അല്മായ സഹോദരങ്ങളും ഉണ്ട്. കൂടാതെ രൂപതയുടെ ഹൃദയമായി നിലകൊള്ളുന്ന വിമലഗിരി കത്തീഡ്രലിൽ അൾത്താരക്കു മുകളിൽ കർമ്മലോത്തരീയവും ജപമാലയും കൊത്തിവച്ചിട്ടുണ്ട്. കർമ്മല സഭയുടെ തലവനായിരുന്ന വിശുദ്ധ സൈമൺ സ്റ്റോക്കിന് കർമ്മലമാതാവ് പ്രത്യക്ഷപ്പെട്ട കർമ്മലോത്തരീയം നൽകുന്നതിന്റെ ചിത്രവും അൾത്താരക്കു മുകളിലെ ജനാലയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. അതു മാത്രമല്ല ജ്ഞാനസ്നാനം സ്വീകരിക്കുന്നവരെ കർമ്മലമാതാവിന്റെ സംരക്ഷണയ്ക്ക്

സമർപ്പിച്ച് അവരെ കർമ്മലോത്തരീയം അണിയിക്കുന്ന പാരമ്പര്യവും രൂപതയിലുണ്ട്.

അനുകമ്പ (Compassion) യായി വെളിപ്പെടുന്ന പ്രണിധാനം (Contemplationer) ആണ് കർമ്മലീത്താ ആദ്ധ്യാത്മികതയുടെ അടിസ്ഥാനം. മാനസിക പ്രാർത്ഥന (meditation) യിലൂടെ പ്രണിധാനത്തിലെത്തി ദൈവത്തിൽ ലയിച്ച് തങ്ങളിലെ ദൈവികത (സ്നേഹം, നന്മ, അനുകമ്പ, കൃപ, ശക്തി, അനുഗ്രഹം) ഉണർത്തി വളർത്തി ജീവിത സായൂജ്യം നേടുന്നതും, അതു പ്രാർത്ഥനയിലൂടെയും, കൂട്ടായ്മയിലൂടെയും ശുശ്രൂഷകളിലൂടെയും (ആതുര സേവനം, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, അഗതികൾക്കും ആലംബഹീനർക്കും പരിരക്ഷയും പരിപാലനയും) വെളിപ്പെടുത്തുന്നതുമാണ്, അങ്ങനെ മനുഷ്യരെ ശുശ്രൂഷിക്കുന്നതിലൂടെ ദൈവേഷ്ടം അനുഷ്ഠിച്ച് ജീവിതധർമ്മം നിറവേറ്റുന്നതാണ് കർമ്മലീത്താ ജീവിതം.

കർമ്മലമാതാവിന്റെ തിരുന്നാളിൽ, കർമ്മലീത്താ സഭകളെയോർത്ത്, നമ്മുടെ രൂപതയ്ക്ക് അടിസ്ഥാനമിട്ട് വളർത്തിയ, ഇന്നും രൂപതയിൽ ശുശ്രൂഷചെയ്യുന്ന കർമ്മലീത്തരെയോർത്ത് ദൈവത്തിന് കൃതജ്ഞതയർപ്പിക്കാം. കർമ്മലീത്താ ആദ്ധ്യാത്മികത പരിശീലിച്ച് ദൈവാനുഭവം നുകരുന്ന ദൈവസ്നേഹം പകരുന്നവരായി ജീവിക്കാം. കർമ്മലമാതാവിന്റെ സംരക്ഷണവും, മാദ്ധ്യസ്ഥ്യവും, വഴി നടത്തലും, കൃപാവരവും നമുക്ക് എപ്പോഴും അനുഭവവേദ്യമാകട്ടെ.

---

## മിഷൻ ഞായർ സംഭാവനയിൽ സമ്മാനാർഹരായ ഇടവകകൾക്കും സ്ഥാപനങ്ങൾക്കും അഭിനന്ദനങ്ങൾ

2018-ലെ മിഷൻ ഞായർ സംഭാവനകൾക്ക് സമ്മാനാർഹരായ ഇടവകകൾക്കും സ്ഥാപനങ്ങൾക്കും അവയ്ക്ക് നേതൃത്വം നൽകിയ എല്ലാ ബഹുമാനപ്പെട്ട വികാരിമാർക്കും സുപ്പീരിയേഴ്സിനും അഭിവന്ദ്യ പിതാവിന്റെ പേരിൽ എല്ലാവിധ അഭിനന്ദനങ്ങളും പ്രാർത്ഥനകളും നേരുന്നു.

*വികാരിജനറാളച്ചൻ*

## ഫൊറോനാ വികാരിമാർക്ക് അഭിനന്ദനങ്ങൾ

കാനോൻ നിയമം നിഷ്കർഷിക്കുന്ന തരത്തിൽ ഫൊറോനാ വികാരിമാരുടെ ഔദ്യോഗിക ഇടവക സന്ദർശനം പൂർത്തീകരിച്ച് യഥാസമയം റിപ്പോർട്ട് കൂരിയായിൽ സമർപ്പിച്ച **മറയൂർ, മൂവാറ്റുപുഴ, പട്ടിത്താനം, തിരുവല്ല** മേഖലകളിലെ ഫൊറോനാ വികാരിമാർക്ക് അഭിനന്ദനങ്ങളും, സഹകരണത്തിന് നന്ദിയും രേഖപ്പെടുത്തുന്നു.

*വികാരിജനറാളച്ചൻ*

# 2018 MISSION SUNDAY PRIZES

| No. | Name of the Parishes | Amount | Prize |
|---|---|---|---|
| | **A Group** | | |
| 1. | Mount Carmel Church - Munnar | 5,22,300 | Ist |
| 2. | Assumption Church- Vandiperiyar | 4,81,300 | 2nd |
| 3. | Sacred Heart Church, Pambanar | 4,20,000 | 3rd |
| | **B Group** | | |
| 1. | Goodshepherd Church, Kottayam | 3,51,000 | Ist |
| 2. | St. Teresa's Church, Pakkil | 3,19,500 | 2nd |
| 3. | Infant Jesus Church, Elappara | 2,00,000 | 3rd |
| | **C Group** | | |
| 1. | Our Lady of Lourdes Church, Kumily | 3,00,003 | Ist |
| 2. | St. George's Church, Perumbavoor | 2,52,200 | 2nd |
| 3. | St. Joseph's Church, Surianelly | 1,30,000 | 3rd |
| | **D Group** | | |
| 1. | St. Mary's Church, Elakkad | 1,49,080 | Ist |
| 2. | Mary Giri Church, Kallar | 1,25,250 | 2nd |
| 3. | St. Mary's Church, Marayoor | 1,10,000 | 3rd |
| | **E Group** | | |
| 1. | St. Jude Church, Dindicombu | 62,050 | Ist |
| 2. | Fathimagiri Church, Kunnamthanam | 60,250 | 2nd |
| 3. | Holy Cross Church, Vaisyambhagom | 31,086 | 3rd |
| | **Non Parish Churches** | | |
| 1. | St. Antony's Pilgrim Center Nagambadom | 1,15,000 | Ist |
| 2. | Vimalagiri Cathedral, Keezhukunnu | 70,000 | 2nd |
| | **Convents With Institution** | | |
| 1. | Mount Carmel Convent, Kanjikuzhi | 1,21,500 | Ist |
| 2. | Amalambika ICSE School, Thekady | 25,000 | 2nd |
| | **Convents Without Institution** | | |
| 1. | Fathima Matha Convent, Nagambadom | 52,500 | Ist |
| 2. | Great Carmel Convent, Keezhukunnu | 42,000 | 2nd |



# ക്രിസ്തൂസ് വിവിത്ത്

## യുവാക്കൾക്കുവേണ്ടി ഫ്രാൻസിസ് പാപ്പയുടെ അപ്പോസ്തലിക പ്രബോധനം: ഒരു പഠനം

**മോൺ ഡോ. ജോസ് നവസ്**

യുവാക്കൾക്കുവേണ്ടിയും യുവാക്കളെപ്പറ്റിയും രചിക്കപ്പെട്ട രണ്ടാമത്തെ അപ്പോസ്തലിക പ്രബോധനമാണ് Christus Vivit (ക്രിസ്തുജീവിക്കുന്നു). 1985 മാർച്ച് 31-ാം തീയതി ജോൺപോൾ രണ്ടാമൻ അവതരിപ്പിച്ച "ഡിലെക്റ്റ് അമീച്ചി"യാണ് ഒന്നാമത്തേത്. അതിനാലാണ് ഫ്രാൻസിസ് പാപ്പ എഴുതിയ രണ്ടാമത്തെ പ്രബോധനം 2019 മാർച്ച് 25-ാം തീയതി മംഗളവാർത്താ തിരുനാളിൽ ഇറ്റലിയിൽ ലെറെറ്റായിലെ മറിയത്തിന്റെ വിശുദ്ധഭവനത്തിന്റെ ബസിലിക്കായിൽ വച്ച് ഒപ്പുവയ്ക്കപ്പെട്ടതെങ്കിലും അത് വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പയുടെ മരണ ദിനത്തിൽ (ഏപ്രിൽ 2) വിളംബരം ചെയ്യപ്പെട്ടത്. യുവാക്കളോടു സഭക്കുള്ള പ്രതിബദ്ധത വെളിവാക്കുന്ന ശ്രദ്ധേയമായ 'വേൾഡ് യൂത്ത് ഡേ'യുടെ ഉപജ്ഞാതാവും ജോൺ പോൾ രണ്ടാമൻ പാപ്പയാണല്ലോ. "ക്രിസ്തു ജീവിക്കുന്നു. അവനാണു നമ്മുടെ പ്രത്യാശ. എന്നു തുടങ്ങുന്ന പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പ ലോകത്തിലെ എല്ലാ യുവാക്കളോടും ആഹ്വാനം ചെയ്യുന്നു." ക്രിസ്തു ജീവിക്കുന്നു. അവനിൽ നിങ്ങളും ജീവിക്കണം. അതാണവന്റെ തീവ്രമായ ആഗ്രഹം. "ജീവനേകാൻ, അതു സമൃദ്ധമായി നൽകാൻ" (യോഹ 10:10) കടന്നുവന്ന, ജീവന്റെ അവതാരമായ, ജീവൻ തന്നെയായ (യോഹ 14:6). ക്രിസ്തുയുവത്വം നിറഞ്ഞവനാണ്. യുവത്വത്തിന്റെ തികവിൽ (33-ാം വയസ്സിൽ) മനുഷ്യരുടെ രക്ഷക്കുവേണ്ടി തന്റെ ജീവനർപ്പിച്ചുകൊണ്ട് (CV #23) അവിടുന്ന് നിത്യയുവാവായി (CV #13) ഇന്നും ജീവിക്കുന്നു. അവിടുത്തേക്ക് ഇപ്പോൾ 33 വയസേയുള്ളു. മരണത്തോടെ നമ്മുടെ ഭൗതിക കലണ്ടർ നിശ്ചലമാകുമല്ലോ. അവിടുന്ന് യുവജനങ്ങളുടെ മാതൃകയാണ് (CV #22), കണ്ണാടിയാണ് (CV #31), സ്വപ്നമാണ് (CV #157) , കൂട്ടുകാരനാണ് (CV #126), പ്രചോദനമാണ്, ആവേശമാണ്. തിളങ്ങുന്ന പ്രഭാത നക്ഷത്രമായ (CV #33) അവൻ നിന്നിലുണ്ട്. നിന്നോടുകൂടെയുണ്ട്. നിനക്കുവേണ്ടി

യുണ്ട്. അവൻ നിന്നെ ഒരിക്കലും വിട്ടുകളയുകയില്ല. (CV #2) - ഫ്രാൻസിസ് പാപ്പ ചൂണ്ടിക്കാട്ടുന്നു. യുവാക്കൾക്കുവേണ്ടിയും യുവജനങ്ങളെപ്പറ്റിയും പരിചിന്ത ചെയ്യാൻ പ്രചോദിപ്പിക്കുന്ന പ്രബോധനം രചിക്കപ്പെട്ടത് യുവജനങ്ങൾക്ക് വിശ്വാസത്തിന്റെ വെളിച്ചത്തിൽ ചില ജീവിതബോദ്ധ്യങ്ങൾ കൊടുക്കാനും, വിശുദ്ധിയിൽ വളരാനും, ജീവിത ധർമ്മം നന്നായി വിവേചിച്ചറിഞ്ഞ് അതു നിറവേറ്റാനും അവരെ ഉത്സുകരാക്കാനുമാണ്.

2018 ഒക്ടോബർ 3 മുതൽ 28 വരെ തീയതികളിൽ യുവജനങ്ങളെ (യുവജനങ്ങളും, ദൈവവിളിയും, അതു വിവേചിച്ചറിയലും) പരിചിന്തനവിഷയമാക്കി വത്തിക്കാനിൽ വച്ച് നടത്തപ്പെട്ട മെത്രാന്മാരുടെ 15-ാമത് സാധാരണ സിനഡിന്റെ പഠനങ്ങളെയും നിരീക്ഷണങ്ങളെയും അനുഭവങ്ങളെയും ആധാരമാക്കി തയ്യാറാക്കപ്പെട്ടതാണ് Christus Vivit. ആ സിനഡിൽ നമ്മുടെ മെത്രാനായ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവും പങ്കെടുക്കുകയും ഉൾക്കാഴ്ചയും നിർദ്ദേശങ്ങളും പങ്കുവയ്ക്കുകയും ചെയ്തിരുന്നു. യുവജനങ്ങളുടെ വിലയും മഹത്വവും സമൂഹത്തിലും സഭയിലുമുള്ള അവരുടെ നിലയും പ്രാധാന്യവും വെളിവാക്കുന്ന പ്രബോധനത്തിൽ യുവജനങ്ങളെ വേണ്ടവണ്ണം അറിയാനും മനസ്സിലാക്കാനും, ശ്രവിക്കാനും പരിശീലിക്കാനും, പഠിപ്പിക്കാനും, പരിശീലിപ്പിക്കാനും മതിക്കാനും വഴി നടത്താനുമുള്ള കുടുംബങ്ങളുടെയും കൂട്ടായ്മകളുടെയും സഭയുടെയും സമൂഹത്തിന്റെയും, സംഘടനകളുടെയും സ്ഥാപനങ്ങളുടെയും കടമയെ ഓർമ്മപ്പെടുത്തുന്നു ഫ്രാൻസിസ് പാപ്പ ഈ പ്രബോധനത്തിലൂടെ. ബൈബിളിന്റെയും സഭാ പ്രബോധനങ്ങളുടെയും, വിശുദ്ധരുടെ ജീവിത, സാക്ഷ്യ സന്ദേശങ്ങളുടേയും ശരീരശാസ്ത്രം, വൈകാരിക ശാസ്ത്രം, മനശ്ശാസ്ത്രം, സാമൂഹികശാസ്ത്രം, സാങ്കേതിക ശാസ്ത്രം, ആധുനിക സാമൂഹിക സമ്പർക്ക മാദ്ധ്യമങ്ങൾ തുടങ്ങിയവയുടെ സ്വാധീനങ്ങളുടെയും വെളിച്ചത്തിൽ രചിക്കപ്പെട്ട സുന്ദരമായ ആഴപ്പെട്ട ഉൾക്കാഴ്ച നിറഞ്ഞ കാലിക പ്രസക്തിയുള്ള അപ്പോസ്തലിക പ്രബോധനമാണ് ക്രിസ്തൂസ് വിവിത്ത്.

സ്പാനിഷ് ഭാഷയിൽ രചിക്കപ്പെട്ട് ക്രിസ്തൂസ് വിവത്തിന്റെ ഇംഗ്ലീഷ് പരിഭാഷയിൽ 35000 വാക്കുകളും 299 ഖണ്ഡികകളും ആമുഖവും ഉപസംഹാരവും കൂടാതെ 9 അദ്ധ്യായങ്ങളുമാണുള്ളത്.

ആമുഖം # 1-4
അദ്ധ്യായം 1: യുവത്വം ബൈബിളിൽ # 5-21
അദ്ധ്യായം 2 : നിത്യയുവാവായ യേശു # 22-63
അദ്ധ്യായം 3 : നിങ്ങൾ ദൈവത്തിന്റെ 'ഇന്ന്' ആണ് # 64-110
അദ്ധ്യായം 4: എല്ലായുവജനങ്ങൾക്കും ഒരു മഹാസന്ദേശം # 111-133
അദ്ധ്യായം 5: യുവാക്കളുടെ പാതകൾ # 134-178
അദ്ധ്യായം 6: യുവതയുടെ വേരുകൾ # 179-201

അദ്ധ്യായം 7: യുവജന ശുശ്രൂഷ # 202-247
അദ്ധ്യായം 8: ദൈവവിളി # 248-277
അദ്ധ്യായം 9: വിവേചിച്ചറിയൽ # 278 - 298
ഉപസംഹാരം # 299

സിനഡിന്റെ വിഷയത്തെ ആസ്പദമാക്കിയാണ് പ്രബോധനത്തിന്റെ അവതരണം. ഏഴുവരെ അദ്ധ്യായങ്ങളിൽ യുവജനങ്ങളെ അവതരിപ്പിക്കുന്നു. എട്ടാമദ്ധ്യായത്തിൽ ദൈവവിളിയെയും ഒൻപതാമദ്ധ്യായത്തിൽ വിളിയുടെ വിവേചിച്ചറിയലും അവതരിപ്പിക്കുന്നു. ഒന്നാമദ്ധ്യായത്തിൽ ബൈബിളിലെ പഴയ നിയമത്തിലും പുതിയ നിയമത്തിലെയും യുവജനങ്ങളെ അവതരിപ്പിച്ചശേഷം രണ്ടാമദ്ധ്യായത്തിൽ നിത്യയുവാവായ യുവാക്കളുടെ മാതൃകയുമായ യേശുവിനെയും യുവത്വത്തിന്റെ കൂദാശയായ സഭയെയും യുവജനങ്ങളുടെ പ്രചോദനവും മാതൃകയും മാതാവുമായ മറിയത്തെയും നൂറ്റാണ്ടുകളിലൂടെ സഭയുടെ ചരിത്രത്തിൽ തിളങ്ങിനിന്ന യുവാക്കളും, യുവാക്കൾക്ക് പ്രചോദനവുമായി യുവ വിശുദ്ധരെയും അവതരിപ്പിച്ചിരിക്കുന്നു. തങ്ങളെത്തന്നെ കർത്താവുമായുള്ള കണ്ടുമുട്ടലിന് തുറന്നുകൊടുത്താൽ തങ്ങൾക്കെന്തെല്ലാമാകുമെന്ന് അവർ കാണിച്ചുതരുന്നു. (# 49) നമ്മുടെ ആദ്യ സ്നേഹത്തിലേക്ക് തിരിച്ചെത്തി എങ്ങനെ യുവത്വം വീണ്ടുക്കാമെന്ന് അവർ പഠിപ്പിക്കുന്നു. യുവാക്കളുടെ ഇന്നലെയെയും (ആറാമദ്ധ്യായം) ഇന്നിനെയും (മൂന്നാമദ്ധ്യായം) നാളെയും (അഞ്ചാമദ്ധ്യായം) അവതരിപ്പിക്കുന്നു. 3,5,6 അദ്ധ്യായങ്ങളിൽ യുവാക്കളുടെ പ്രകൃതിയും പ്രശ്നങ്ങളും പ്രത്യാശകളും ഗ്രഹിക്കാൻ അവരിലെ സ്വാധീനങ്ങളെയും അഭിമാനങ്ങളെയും തിരിച്ചറിയാൻ അവരുടെ സങ്കടങ്ങളും സന്തോഷങ്ങളും നിരാശകളും പ്രത്യാശകളും പ്രതിസന്ധികളും സാധ്യതകളും മനസ്സിലാക്കാൻ സഹായിക്കുന്ന നിരീക്ഷണങ്ങളും പഠനങ്ങളും ഈ അദ്ധ്യായങ്ങളിൽ കാണാം. എല്ലാ യുവജനങ്ങളും ഗ്രഹിക്കേണ്ട മഹാസന്ദേശമാണ് ഫ്രാൻസിസ് പാപ്പ 4-ാം അദ്ധ്യായത്തിൽ അവതരിപ്പിക്കുന്നത്. നാലു ഘട്ടങ്ങളാണ് ഈ മഹാസന്ദേശത്തിലുള്ളത്.

1. നമ്മെ സ്നേഹിക്കുന്ന പിതാവായ ദൈവം: അവന്റെ സ്നേഹം നുകർന്ന് ദൈവമക്കളായി ജീവിക്കുക.
2. തന്റെ മനുഷ്യാവതാരത്തിലൂടെ, സഹനത്തിലൂടെയും മരണത്തിലൂടെയും ദൈവപുത്രൻ സാധിച്ച തന്ന രക്ഷ: അവനേകുന്ന രക്ഷയനുഭവിച്ച് ദൈവമക്കളുടെ സ്വാതന്ത്ര്യമുള്ളവരാക്കുക.
3. മരണത്തെയും ജയിച്ച് ഉത്ഥിതനായി ഇന്നും ജീവിക്കുന്ന ക്രിസ്തു. ഇന്നലെ ജീവിച്ച് മണ്ണടിഞ്ഞുപോയ, നമുക്ക് ഓർത്ത് അയവിറക്കാൻ മാത്രമുള്ളവനല്ല. അന്ന് അവിടെ ജീവിച്ചതിനേക്കാൾ ഉണർവ്വോടെ ഇന്നും ജീവിക്കുന്നവനാണവൻ. അവനെ നാം കണ്ടുമുട്ടണം. അനുഭവിക്കണം. അവനിൽ നാം ജീവിക്കണം. അവന്റെ കൂട്ടുകാരാകണം. അങ്ങനെ നമ്മുടെ ജീവിതത്തിലൂടെ നമ്മെ കണ്ടുമുട്ടുന്ന ഓരോ

രുത്തരും ഇന്നും ജീവിക്കുന്ന നമുക്കുവേണ്ടി പ്രവർത്തനനിരതനായ അവനെ കണ്ടുമുട്ടണം.

4. ഇതെല്ലാം സാധിക്കുന്നത് പരിശുദ്ധാത്മാവിലൂടെയാണ്. പരിശുദ്ധാത്മാവിലൂടെയാണ് നാം പിതാവിന്റെ സ്നേഹം നുകരുക. പരിശുദ്ധാത്മാവിലൂടെയാണ് യേശു സാധിച്ച രക്ഷ നാം അനുഭവിക്കുക. പരിശുദ്ധാത്മാവിലൂടെയാണ് ഇന്നു ജിവിക്കുന്ന ക്രിസ്തുവിൽ നാം ജീവിക്കുന്നവരായിമാറുക.

യുവജനശുശ്രൂഷകരുടെ പ്രത്യേകതകളും ശുശ്രൂഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങളും ഏഴാമദ്ധ്യായത്തിൽ അവതരിപ്പിക്കുന്നു. എട്ടാമദ്ധ്യായത്തിന്റെ വിഷയം ദൈവവിളിയാണ്. അത് നന്നായി വിവേചിച്ചറിഞ്ഞ് ദൈവമേല്പിക്കുന്ന ജീവിത ദൗത്യം ഗ്രഹിച്ച് നിറവേറ്റുന്നതിനെപ്പറ്റിയാണ് 9-ാം അദ്ധ്യായം.

ഇന്നും ജീവിക്കുന്ന ക്രിസ്തുവിനെ കണ്ടുമുട്ടി അവന്റെ കൂട്ടുകാരാവുക. അവനിൽ നിന്ന് പാഠം പഠിച്ച് നന്നായി ജീവിക്കുക. ജീവിതത്തിൽ മുന്നേറുക. പരിശുദ്ധാത്മാവിലൂടെ അവന്റെ ശക്തിയാലും, ചൈതന്യത്താലും നിറഞ്ഞ് ദൈവമക്കളായി, ക്രിസ്തുശിഷ്യരായി, പരിശുദ്ധാത്മാവിന്റെ അവതാരങ്ങളായി സഭയുടെ തനയരായി, സ്വർഗ്ഗത്തിന്റെ പൗരരായി ജീവിച്ച് ജീവിത സാക്ഷാത്ക്കാരം പ്രാപിക്കാൻ Christus Vivit ൽ ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്യുന്നു.

*(തുടരും...)*




## ജന്മദിനാശംസകൾ

ജൂലൈ

05 Rev.Fr.Abraham Kaliyath
09 Rev.Fr.Joy Kolathady
11 Rev.Fr.Peter Mathirappally
11 Rev.Fr.Antony Bobby Kochuparackal
12 Msgr.Mathew Muttethazhathu
15 Msgr.Henry Kochuparambil
15 Rev.Fr. Joseph Kalathil
16 Rev.Fr.Antony Kanakamangalam
16 Rev.Fr.Joseph Cheriyil
16 Rev.Fr.Kuruvilla Augustine Kurisuveettil
17 Rev.Fr.Sebastian Olikkara
26. Rev.Fr.Jos Kuruvilla Kadanthuruthel
26 Rev.Fr.Joseph Nelson Avaravila
27 Rev.Fr.Mathew Ozhathil
28 Rev.Fr.Thomas Shinto Veliparambil

## കോട്ടയം നല്ലയിടയൻ ഇടവകയിൽ
## ക്രൈസ്തവ കൂട്ടായ്മയ്ക്കു സജീവ സാക്ഷ്യം നൽകി
# "കൊയ്നോണിയ – 2019"



അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ കേരള ലത്തീൻ സഭാതലത്തിൽ "കൊയ്നോണിയ വർഷ" മായി ആചരിച്ചതിന്റെ തുടർച്ചയായി, കോട്ടയം നല്ലയിടയൻ ഇടവകയിൽ 'കൊയ്നോണിയ 2019' വിപുലമായ പരിപാടികളോടെ സംഘടിപ്പിക്കപ്പെട്ടു. ഇടവകയിലെ കുടുംബകൂട്ടായ്മകളെ ശാക്തീകരിക്കുകയും അതുവഴി ആദിമസഭയുടെ പങ്കാളിത്ത– കൂട്ടായ്മ –ഐക്യ മനോഭാവം വീണ്ടെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഇതു നടത്തപ്പെട്ടത്.

ഇടവകയുടെ കീഴിൽ പ്രവർത്തിക്കുന്ന 18 കുടുംബ കൂട്ടായ്മ യൂണിറ്റുകൾ 3 യൂണിറ്റുകളടങ്ങുന്ന 6 ബ്ലോക്കുകളായി ബഥനി, ബെത്‌ലഹേം, ബെദ്സെയ്ദ, ജറുസലേം, ഗലീലിയ, ജോർദ്ദാൻ എന്നീ നാമധേയങ്ങളിലാണ് ക്രമീകരിച്ചിരുന്നത്. "കൊയ്നോണിയ 2019" ന്റെ ദ്വിദിന സംഗമങ്ങൾ ഏപ്രിൽ 27 മുതലുള്ള ശനി, ഞായർ ദിവസങ്ങളിൽ തുടർച്ചയായി ഈ 6 ബ്ലോക്കുകളിലും പ്രത്യേകം സജ്ജീകരിച്ച വേദികളിൽ നടത്തി.

ശനിയാഴ്ചകളിൽ വൈകുന്നേരം 6ന് ആരംഭിച്ച വർണ്ണ ശബളമായ വിളംബര റാലിക്കുശേഷം ബഹു. വികാരി റവ.ഫാ. ബേസിൽ പാദുവ ഒ.സി.ഡി. പതാക ഉയർത്തി ബ്ലോക്ക് സംഗമം ഔദ്യോഗികമായി ആരംഭിച്ചു. തുടർന്ന് വിശുദ്ധ കുമ്പസാരവും, പിറ്റേന്ന് ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് ആഘോഷമായ സമൂഹബലിയർപ്പണവും നടന്നു. ഓരോ ബ്ലോക്കിലെയും 3 കുടുംബ കൂട്ടായ്മകളിലെ എല്ലാ അംഗങ്ങളും ഇടവക, ബ്ലോക്ക് ഭാരവാഹികളും സംബന്ധിച്ചു. വിവിധ ദിവസങ്ങളിലെ ഈ ബ്ലോക്ക് സംഗമങ്ങളിലെ സമൂഹ ദിവ്യബലിക്ക് വികാരി ജനറാൾ

മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ, ചാൻസലറും ബി.സി.സി. രൂപതാ ഡയറക്ടറുമായ മോൺ. ജോസ് നവസ്, റവ.ഫാ. സെബാസ്റ്റ്യൻ പ്ലാത്തോട്ടം, റവ.ഫാ. ജോസഫ് മീനായിക്കോടത്ത്, റവ.ഫാ. ജോൺ വിയാനി എന്നിവർ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്നു നടന്ന പൊതു സമ്മേളനങ്ങളിൽ 6 ബ്ലോക്കിലും വികാരി റവ.ഫാ. ബേസിൽ പാദുവ ഒ.സി.ഡി. അദ്ധ്യക്ഷനായിരുന്നു. കോട്ടയം എം.എൽ.എ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, സി.എഫ്.ഐ.സി. പ്രൊവിൻഷ്യാൾ റവ.ഫാ. സജി മുതിരെന്തിക്കൽ, സിനി/ സീരിയൽ ആർട്ടിസ്റ്റ് ശ്രീ. പത്മകുമാർ, മോൺ. ജോസ് നവസ്, റവ.ഫാ. സെബാസ്റ്റ്യൻ പ്ലാത്തോട്ടം തുടങ്ങിയവരാണ് വിവിധ ബ്ലോക്ക് സംഗമങ്ങൾ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തവർ. ജീവജ്വാല മാസികയുടെ ചീഫ് എഡിറ്ററും ഇടവക പി.ആർ.ഒ.യുമായ ശ്രീ. ഷിബു ആന്റണി 6 സംഗമങ്ങളിലും "കൊയ്നോണിയ 2019" ന്റെ വിഷയാവതരണം നടത്തി. റവ.സി. കൊച്ചുത്രേസ്യാ സി.റ്റി.സി. മുൻസിപ്പൽ കൗൺസിലർമാരായ ശ്രീമതി സാലി മാത്യു, ശ്രീ. ജോബി ജോൺസൺ, റവ.സി. മേരി റാണി എം.സി., റവ.സി. ഹരിത സി.എസ്.എസ്.റ്റി., റവ.സി. സുകൃത സി.എസ്.എസ്.റ്റി. രൂപതാ പി.ആർ.ഒ. അഡ്വ. ഹെൻറി ജോൺ, ഇടവക സമിതി സെക്രട്ടറി ശ്രീ. രാജേഷ് കാക്കേരി, കുടുംബകൂട്ടായ്മ ഇടവക ലീഡർ ശ്രീ. വി.എം. സേവ്യർ തുടങ്ങിയവർ വിവിധ ദിനങ്ങളിൽ ആശംസകളർപ്പിച്ചു.

യൂണിറ്റംഗങ്ങൾ അവതരിപ്പിച്ച നൃത്തങ്ങൾ, ഗാനങ്ങൾ, ഷാഡോ ഡാൻസ്, "അബ്രാഹാമിന്റെ ബലി" എന്ന ദൃശ്യാവിഷ്കാരം തുടങ്ങിയവ വിവിധ ദിനങ്ങളിലെ കൂട്ടായ്മാ സംഗമങ്ങൾക്ക് പുത്തനുണർവും ആവേശവും പകർന്നു നൽകി. കൂടുതൽ ആഴമേറിയ ഐക്യ സന്ദേശം ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ടും സ്നേഹവിരുന്നിൽ പങ്കുകൊണ്ടും ക്രൈസ്തവ കൂട്ടായ്മകൾക്ക് സജീവ സാക്ഷ്യം നൽകിക്കൊണ്ടുമാണ് "കൊയ്നോണിയ- 2019 ജൂൺ 02ന് തിരശീല വീണത്.

---



107-ാമത് മതബോധന യൂണിറ്റ് ആയ ഉപ്പുതറ ഹോളി ഇൻഫന്റ് മേരി യൂണിറ്റ് അംഗങ്ങൾ രൂപതാ ഡയറക്ടറോടൊപ്പം.

# യുവജനദിനം 2019

## ജൂലൈ 7, ഞായർ

## കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയപ്പെട്ട സഹോദരീസഹോദരരേ,

കെസിബിസി യുവജനകമ്മീഷൻെറ ആഭിമുഖ്യത്തിൽ 2019 ജൂലൈ 7-ാം തീയതി നാം യുവജനദിനമായി ആചരിക്കുകയാണ്. ഈ യുവജനദിനത്തിൻെറ എല്ലാവിധ അനുഗ്രഹങ്ങളും ആശംസകളും കേരളത്തിലെ എല്ലാ കെസിവൈഎം പ്രവർത്തകർക്കും ഇതര യുവജനസംഘടനകൾക്കും കേരളത്തിലെ കത്തോലിക്കാ മെത്രാൻസംഘത്തിന്റെ പേരിൽ ഹൃദയപൂർവം നേരുന്നു. 2018 ഒക്ടോബർ 3 മുതൽ 28 വരെ വത്തിക്കാനിൽ നടന്ന അന്തർദേശീയ യുവജന സിനഡിന്റെ പശ്ചാത്തലത്തിലാണ് ഈ വർഷത്തെ യുവജനദിനാചരണം. സിനഡിൻെറ വെളിച്ചത്തിലുള്ള പ്രബോധനരേഖ 'ക്രിസ്തു ജീവിക്കുന്നു' എന്ന പേരിൽ 2019 ഏപ്രിൽ 2-ന് ഫ്രാൻസിസ് പാപ്പാ പ്രസിദ്ധീകരിച്ചു. "ക്രിസ്തു ജീവിക്കുന്നു... നിങ്ങൾ ജീവനുള്ളവരായിക്കാൻ അവിടുന്ന് ആഗ്രഹിക്കുന്നു" എന്ന് യുവജനങ്ങളെ ഓർമ്മിപ്പിക്കുന്ന ഫ്രാൻസിസ് പാപ്പാ, യുവജനം ലോകത്തിൻെറയും സഭയുടെയും ഭാവിയല്ല, ഇന്നാണ് എന്നു എടുത്തുപറയുന്നു.

യുവജനം സഭയുടെ ഇന്നിൻെറ മുഖമാകണം. അവർ സഭയിൽ മുൻനിരയിൽ പ്രതിഷ്ഠിക്കപ്പെടണം. എന്നാൽ യുവജനങ്ങൾ അവഗണിക്കപ്പെടുന്ന സംസ്കാരം ഇന്ന് വളർന്നുകൊണ്ടിരിക്കുന്നു. ഇന്നത്തെ ഡിജിറ്റൽ സാഹചര്യങ്ങളും കുടിയേറ്റത്തിൻെറ കയ്പുനിറഞ്ഞ അനുഭവങ്ങളും ലൈംഗികവും ധാർമികവുമായ ദുരുപയോഗങ്ങളും യുവജനത്തെ തളർത്തുന്നുണ്ട്. ഫ്രാൻസിസ് പാപ്പാ യുവജനങ്ങളെ ആഹ്വാനംചെയ്തുകൊണ്ട് പറയുന്നു, യുവജനങ്ങളേ, ഇന്നും ജീവിക്കുന്ന ക്രിസ്തു നിങ്ങളിലുണ്ട്. നിങ്ങളോടുകൂടെയുണ്ട്. ഒരിക്കലും നിങ്ങളെ ഉപേക്ഷിക്കുകയില്ല. നിങ്ങൾ ജീവിതത്തിന്റെ ഏതവസ്ഥയിലായാലും തിരിച്ചുവരാനും പുതുതായി തുടങ്ങാനും ഭയപ്പെടേണ്ടതില്ല. ഉത്ഥിതനായ ക്രിസ്തുവാണ് നിങ്ങളുടെ പ്രത്യാശയും ശക്തിയും. യുവജനത്തെ അവജ്ഞയോടെ കാണുന്നതും അവരുടെമേൽ ആധിപത്യം പുലർത്തുന്നതും അവരുടെ സ്വപ്നങ്ങളെ കാണാതിരിക്കുന്നതും കഴിവുകളെ പ്രയോജനപ്പെടുത്താതിരിക്കുന്നതും പ്രത്യാശയെ അപഹരിക്കുന്നതുമായ ശൈലികൾ തിരുത്തപ്പെടണമെന്ന് ഫ്രാൻസിസ് പാപ്പാ മുന്നറിയിപ്പു നല്കുന്നു.

സഭയ്ക്കും ലോകത്തിനും വിശ്വാസത്തിൻെറയും സ്നേഹത്തിൻെറയും പ്രത്യാശയുടെയും സാക്ഷ്യം കൊടുക്കുന്ന വ്യക്തികളായി വളരാൻ യുവജനങ്ങളെ സഹായിക്കുക എന്നതാണ് യുവജനകമ്മീ

ഷൻെറ മുഖ്യമായ ദൗത്യം. ഈ ദൗത്യം കേരളസഭയിൽ നാം പ്രാവർത്തികമാക്കുന്നത് കെ.സി.വൈ.എമ്മിന്റെയും, അതിനോട് ചേർന്ന് പ്രവർത്തിക്കുന്ന കേരളത്തിലെ മറ്റു കത്തോലിക്കാ യുവജന സംഘടനകളുടെയും കർമ്മപരിപാടികളിലൂടെയാണ്. യുവജനങ്ങളുടെ രൂപീകരണത്തിനായി അനേകം കർമ്മപരിപാടികൾ യുവജന കമ്മീഷൻ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്. അവ പ്രധാനമായും മൂന്ന് ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടുള്ളതാണ്.

ഒന്നാമതായി, യുവജനങ്ങളെ യേശുവിൻെറ യഥാർത്ഥ ശിഷ്യരായിത്തീരാൻ സഹായിക്കുകയെന്നതാണ്. യുവത്വത്തിൻെറ നിറവിൽ രക്ഷയുടെ സന്ദേശം പങ്കുവച്ചുതന്ന യേശുവിൻെറ മാതൃകയിൽ കരുത്താർജ്ജിക്കുന്നതിനുവേണ്ടിയുള്ള ആത്മീയ രൂപീകരണമാണത്. “ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന” (ലൂക്കാ 2,52) യേശുവിനോട് അനുരൂപരായി യുവതീയുവാക്കൾ ജീവിക്കണം.

രണ്ടാമത്തെ ലക്ഷ്യം, യുവജനങ്ങളെ നല്ല മിഷനറിമാരായി വളരാൻ സഹായിക്കുകയെന്നതാണ്. കർത്താവ് നമ്മെ ഏല്പിച്ച വലിയ ഉത്തരവാദിത്വമാണ് ദൈവരാജ്യത്തിൻെറ സന്ദേശം അഥവാ, രക്ഷയുടെ മാർഗം എല്ലാവരെയും അറിയിക്കുക എന്നത്. “നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ” (മർക്കോ 16,15) എന്നാണ് അവിടുന്ന് അവസാനമായി നമ്മോട് കല്പിച്ചത്. കഴിഞ്ഞ നാലുപതിറ്റാണ്ടുകാലം കെ.സി.വൈ.എം “സഭയുടെ നല്ല സാക്ഷ്യമുഖമായി” പ്രവർത്തിച്ച് സഭയ്ക്ക് വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇന്ന് കേരള കത്തോലിക്കാ സഭയിലെ മഹത്തായ യുവജന പ്രസ്ഥാനമായി അതു നിലകൊള്ളുന്നു.

യുവജനങ്ങളുടെ സമഗ്രവികസനം ലക്ഷ്യം വച്ചുകൊണ്ട് അവരെ സമൂഹനിർമ്മിതിയിൽ പങ്കാളികളാക്കുകയും യേശുവിൻെറ മാതൃകയിലും ശൈലിയിലും തിന്മയ്ക്കെതിരേ പോരാടുവാൻ ശക്തരാക്കുകയും ചെയ്യുക എന്നതാണ് യുവജനകമ്മീഷൻെറ മൂന്നാമത്തെ ലക്ഷ്യം. കുടുംബത്തിൻെറയും സഭയുടെയും സമൂഹത്തിൻെറയും യുവജനങ്ങളോടുള്ള ഉത്തരവാദിത്വം മറ്റേതു കാലഘട്ടത്തെക്കാളും ഇന്ന് വർദ്ധിച്ചിരിക്കുന്നു. ശാസ്ത്രസാങ്കേതിക വളർച്ചയും ഇലക്ട്രോണിക് മീഡിയായും സമൂഹത്തിൻെറ ചിന്താഗതിയിലും പ്രവർത്തനത്തിലും വലിയ മാറ്റം വരുത്തിയിരിക്കുന്നു. യേശു പ്രഖ്യാപിച്ച ജീവന്റെയും സ്നേഹത്തിൻെറയും പ്രത്യാശയുടെയും സംസ്കാരം കടുത്ത വെല്ലുവിളി നേരിടുകയാണ്. ഇതിനെ പ്രതിരോധിക്കുവാൻ യുവജനവിഭവശേഷി ശരിയായി നാം പ്രയോജനപ്പെടുത്തണം.

സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ഭീകരപ്രവർത്തനം, അക്രമം, അസഹിഷ്ണുത, വിഭാഗീയത, ഏകാന്തത എന്നിവയെല്ലാം മരണസംസ്കാരത്തിന് വേദി ഒരുക്കുന്നു. മദ്യം, മയക്കുമരുന്ന്, ലൈംഗിക അരാജകത്വം

എന്നിവയൊക്കെ ഈ സംസ്കാരത്തിന് ശക്തി പകരുന്നു. ഇവയോട് നാം സന്ധിയില്ലാസമരം ചെയ്യണം.

നാം ജീവിക്കുന്ന ഈ സമൂഹത്തിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന അക്രമത്തിനും ഭീകരപ്രവർത്തനത്തിനുമെതിരേ, യുവജനങ്ങൾ ഏറ്റെടുത്ത 'യുവജനങ്ങൾ സമാധാനത്തിന്' എന്ന യജ്ഞം അഞ്ച് ഘട്ടങ്ങളിലായാണ് നടത്തപ്പെടുന്നത്.

1. സമാധാനസന്ദേശ യാത്ര (കാസർകോട് മുതൽ കന്യാകുമാരി വരെ സമാധാനസന്ദേശയാത്ര – K2K)
2. സമാധാനദീപം തെളിക്കൽ (Lighting Peace Lamp)
3. സമാധാനപദയാത്ര (Peace Walk, July 7, 2019)
4. അന്തർദേശീയ സമാധാനസമ്മേളനം
5. രൂപതാതല സമാധാനസമ്മേളനങ്ങൾ

ഇതിൽ ഏതാനും പരിപാടികൾ നടത്തപ്പെട്ടു കഴിഞ്ഞു. കാസർകോട് മുതൽ കന്യാകുമാരി വരെ കേരളത്തിലെ 32 രൂപതകളിലും തമിഴ്നാട്ടിലെ നാല് രൂപതകളിലുമായി കെ.സി.വൈ.എമ്മിൻെറ നേതൃത്വത്തിലുള്ള സമാധാന സന്ദേശയാത്ര (K2K) കടന്നുപോയപ്പോൾ, സമൂഹത്തിൽ ശാന്തിയുടെയും സൗഹൃദത്തിൻെറയും വലിയ സന്ദേശമാണ് പരന്നത്. ഈ സന്ദേശയാത്രയ്ക്ക് അഭിവന്ദ്യപിതാക്കന്മാരും വൈദികരും സന്യസ്തരും വിശ്വാസികളും പൊതുസമൂഹവും നല്കിയ ആവേശോജ്ജ്വമായ സ്വീകരണങ്ങൾ യുവജനങ്ങൾക്ക് വലിയ പ്രത്യാശയും ആവേശവും പകർന്നു.

ഈ വർഷം യുവജനങ്ങൾ ഏറ്റെടുക്കുന്ന മറ്റ് പരിപാടികൾ ഇവയാണ്: 1) ഉന്നതവിദ്യാഭ്യാസവും തൊഴിലിനുവേണ്ടിയുള്ള പരിശീലനവും 2) ഹരിതകേരളം പദ്ധതിയോട് ചേർത്ത് നടപ്പാക്കുന്ന പരിപാടികൾ 3) മീഡിയയുടെയും സാങ്കേതിക വിദ്യയുടെയും സുവിശേഷവത്കരണം 4) ബൈബിൾ, പാരമ്പര്യം, സഭാ പ്രബോധനങ്ങൾ എന്നീ വിഷയങ്ങളിൽ ബോധവത്കരണ പരിപാടികളും പഠനക്ലാസ്സുകളും.

നാം ജീവിക്കുന്ന ഈ സമൂഹത്തിലും ലോകത്തിൻെറ വിവിധ ഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന അക്രമത്തിനും തിന്മയ്ക്കും എതിരെ ഫലപ്രദമായി പ്രവർത്തിക്കുവാൻ യുവജനങ്ങളോട് ചേർന്ന് നില്ക്കുവാനും അവരെ പ്രോത്സാഹിപ്പിക്കാനും സഹായസഹകരണങ്ങൾ നൽകുവാനുമുള്ള ആഹ്വാനമാണ് യുവജനദിനം നമുക്ക് നല്കുന്നത്. യുവജനകമ്മീഷൻെറ ആഭിമുഖ്യത്തിൽ കെ.സി.വൈ. എമ്മും മറ്റു യുവജനസംഘടനകളും കേരളസഭയ്ക്കു നല്കുന്ന എല്ലാ ശുശ്രൂഷകളെയും ഓർത്ത് യുവജനങ്ങൾക്ക് നന്ദി പറയുന്നു.

എല്ലാ യുവജനങ്ങൾക്കും ഈ ദിനത്തിൻെറ ആശംസകൾ! ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

**ജോസഫ് മാർ തോമസ്**
*ചെയർമാൻ, കെ.സി.ബി.സി. യുവജന കമ്മിഷൻ*

# ഇടവക വാർത്തകൾ

## മുണ്ടക്കയം സെന്റ് മേരീസ്



മുണ്ടക്കയം സെന്റ് മേരീസ് ദൈവാലയത്തിൽ 2019 –20 വർഷത്തിലെ മതബോധന ക്ലാസുകൾക്ക് ജൂൺ 2 തീയതി ഞായറാഴ്ച തുടക്കം കുറിച്ചു. മതബോധന അധ്യാപകർ ദിവ്യബലി മധ്യേ കത്തിച്ച തിരികളുമായി തങ്ങൾ ഏറ്റെടുക്കുന്ന ദൗത്യത്തിന്റെ ഉത്തരവാദിത്വത്തെ മനസിലാക്കിക്കൊണ്ട് വികാരി മോൺ. ഹെൻറി കൊച്ചുപറമ്പിലിന്റെയും ഇടവക സമൂഹത്തിന്റെയും മുമ്പിൽ സത്യപ്രതിജ്ഞ ചെയ്തു. ഒന്നാം ക്ലാസിൽ പ്രവേശിച്ച കുട്ടികളെ ജപമാലയും മധുര പലഹാരവും നൽകി സ്വീകരിച്ചു.അതോടൊപ്പം തിരുബാലസഖ്യം ,ചെറുപുഷ്പ മിഷൻ ലീഗ് എന്നീ സംഘടനകളുടെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് തുടക്കവും കുറിച്ചു.

ഹെഡ്മാസ്റ്റർ ശ്രീ.റോബിൻ, പി.ടി.എ. പ്രസിഡന്റ് ശ്രീ. നിബിൻ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽക്കി.

---

## പി.റ്റി.എ രൂപീകരണം ഏന്തയാർ

ജൂൺ 9–ാം തീയതി ഇടവകയിൽ പി.റ്റി.എ. മീറ്റിംഗ് നടത്തപ്പെട്ടു. പുതിയ കൺവീനറെയും ഭാരവാഹികളെയും തിരഞ്ഞെടുത്തു. കുട്ടികളുടെ മത പഠന ക്ലാസിന്റെ ആവശ്യകതയെപ്പറ്റി ബഹു വികാരി ഫാ. ജോർജ്ജ് കളീക്കൽ ക്ലാസ് നയിച്ചു.

# പിതൃദിനാഘോഷം പട്ടിത്താനം സെന്റ് ബോനിഫസ്



പട്ടിത്താനം സെന്റ് ബോനിഫസ് ദേവാലയത്തിൽ പിതൃദിനം വേറിട്ട രീതിയിൽ ആഘോഷിച്ചു. ഇടവകാംഗവും നവജാതശിശുവിന്റെ പിതാവുമായ ലിറിന് വികാരി ഫാ. സ്റ്റീഫൻ പുത്തൻപറമ്പിൽ അനുമോദനമർപ്പിച്ചു. പുത്രനെ വിശുദ്ധിയിൽ വളർത്താൻ അനുഗ്രഹിക്കുകയും എല്ലാ പിതാക്കന്മാരേയും ബലിയിൽ പ്രത്യേകം അനുസ്മരിക്കുകയും ചെയ്തു.

---

# സെന്റ് ജോർജ് മതബോധന വിഭാഗം പെരുമ്പാവൂർ



2019 ജൂൺ 2 ാം തീയതി മതബോധന ദിനത്തിൽ ദിവ്യബലി മദ്ധ്യേ അദ്ധ്യാപകർ പ്രതിജ്ഞചൊല്ലി തങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുത്തു. തുടർന്ന് വികാരി ഫാ. ഫ്രാൻസിസ് നെടുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ 2019– 20 മതബോധന വർഷം ഉദ്ഘാടനം ചെയ്യപ്പെട്ടു. സമ്മേളനത്തിൽ മാർക്ക്, ഹാജർ എന്നിവയുടെ

അടിസ്ഥാനത്തിൽ വിജയികളായ കുട്ടികൾക്കുള്ള സമ്മാനവിതരണം, 12-ാം ക്ലാസ് പൂർത്തിയായ വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം എന്നിവ നടന്നു. മാതാപിതാക്കളും കുട്ടികളും ഇടവക സമിതി അംഗങ്ങളും പങ്കെടുത്തു.

## സെന്റ് മേരീസ് കുറുമുള്ളൂർ – പിതൃദിനം



കുടുംബത്തിന് വേണ്ടി അദ്ധ്വാനിക്കുന്ന പിതാവിനെ ഓർക്കാൻ ഒരു ദിവസം. തിരുക്കുടുംബത്തിന്റെ നാഥനായ വി. ഔസേഫ് പിതാവിനോടുള്ള ആദരസൂചകമായി കുറുമുള്ളൂർ സെന്റ് മേരീസ് ഇടവകയിൽ പിതൃദിനം ആചരിച്ചു. ദിവ്യബലി ആരംഭത്തിൽ പിതൃദിനത്തെക്കുറിച്ചുള്ള ആമുഖ സന്ദേശം ബ്ര. നിഖിൽ വായിച്ചു. പിതാക്കന്മാർ തങ്ങളുടെ വിശ്വാസദീപങ്ങൾ കൈകളിൽ വഹിച്ചുകൊണ്ട് റവ.ഫാ. ജിനീഷ് പുളിയോരത്തോടൊപ്പം ദിവ്യബലിക്കായ് പ്രവേശിച്ചു. വി. കുർബാനയ്ക്ക് ശേഷം പിതാക്കന്മാരെ ആദരിക്കുന്നതിനായുള്ള യോഗം നടന്നു. സൺഡേ സ്കൂൾ എച്ച്.എം. ശ്രീമതി റോസമ്മ ജോണി സ്വാഗതം അർപ്പിച്ചു. വികാരി റവ.ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ പിതൃദിനത്തിന്റെ മാഹാത്മ്യം വ്യക്തമാക്കികൊണ്ട് യോഗം ഉദ്ഘാടനം ചെയ്തു. തുടർന്ന് കുട്ടികൾ തങ്ങൾ നിർമ്മിച്ച കാർഡുകൾ പിതാക്കന്മാർക്ക് നൽകിയും പരസ്പരം സ്നേഹ ചുംബനങ്ങൾ നൽകിയും പിതൃദിനത്തിന്റെ ആശംയർപ്പിച്ചു. സി. റോസിലിൻ കാരിസ്ഭവൻ യോഗത്തിൽ ആശംസകളർപ്പിച്ചു. പിതാക്കന്മാരും കുട്ടികളും തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു. ശ്രീ. ഷാജി താന്നിക്കുന്നേൽ കൃതജ്ഞത അർപ്പിച്ചു.

## പ്രവേശനോത്സവവും പെന്തക്കുസ്താ തിരുനാളും

കുറുമുള്ളൂർ സെന്റ് മേരീസ് ദൈവാലയത്തിൽ പ്രവേശനോത്സവവും പെന്തക്കുസ്താ തിരുനാളും ആചരിച്ചു. നവാഗതരായ കുട്ടികളെ വരവേൽക്കാൻ പള്ളിയും പരിസരവും മുത്തുക്കുടകളാൽ അലംകൃതമാ



യിരുന്നു. മതാദ്ധ്യാപകരാണ് ദിവ്യബലിക്ക് നേതൃത്വം കൊടുത്തത്. വി.കുർബാന മദ്ധ്യേ അദ്ധ്യാപകർ സത്യപ്രതിജ്ഞ നടത്തി. ശേഷം നവാഗതരായ കുട്ടികളെ സ്വീകരിക്കുന്നതിനായുള്ള യോഗം നടന്നു. സൺഡേ സ്കൂൾ എച്ച്.എം. ശ്രീമതി റോസമ്മ ജോണി സ്വാഗതം അർപ്പിച്ചു. മതാദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കടമകളെ ന്തെന്ന് വ്യക്തമാക്കി. വികാരി റവ.ഫാ. ഡെന്നീസ് ജോസഫ് കണ്ണ മാലിൽ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് റവ.ഫാ. ജിനീഷ് പുളി യോരം, ബ്ര. നിഖിൽ OFM തെള്ളകം. എന്നിവർ ആശംസകളർപ്പിച്ചു. നവാഗതരായ കുട്ടികളുടെ പേരുകളും ദൈവവചനവും അടങ്ങിയ ടാഗു കൾ വികാരിയച്ചൻ അവരെ അണിയിച്ചു. ശ്രീ. ജോസഫ് കെ. എം. നന്ദി അർപ്പിച്ചു.

## സെന്റ് മേരീസ് ഇലയ്ക്കാട്

സെന്റ് മേരീസ് ഇടവകയിലെ 2019-2020 അധ്യയനവർഷത്തിലെ മതബോധന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് 9-ന് ഞായറാഴ്ച ഇടവക മതബോധന ദിനമായി ആചരിച്ചു രാവിലെ 8-ന് കുട്ടികളുടെ പൊതു അസംബ്ലിക്കുശേഷം ക്ലാസുകൾ ആരംഭിച്ചു. തുടർന്ന് പെന്തക്കോസ്ത് ദിന അനുസ്മരണാർത്ഥം വികാരിയച്ചൻ പകർന്നുനൽകിയ ദീപമേന്തി പ്രദക്ഷിണമായി ദിവ്യബലിക്ക് പ്രവേശിച്ചു ദിവ്യബലിമധ്യേ അധ്യാപകർ തങ്ങളുടെ ദൗത്യം കൃത്യമായി നിർവഹിച്ചു കൊള്ളാമെന്ന് പ്രതിജ്ഞ ചെയ്തു തുടർന്ന് 11 മണിക്ക് നടന്ന പൊതുയോഗത്തിൽ നവാഗതരായ കുട്ടികൾക്കും അധ്യാപകർക്കും വികാരിയച്ചൻ പോൾ ചാലവീട്ടിൽ സ്വീകരണം നൽകി. കഴിഞ്ഞ വർഷത്തെ വിവിധ പ്രവർത്തനങ്ങൾക്കുള്ള സമ്മാനം വിതരണം ചെയ്തു. സെക്രട്ടറി ബാബു കാലത്തുമാക്കിൽ, പിടിഎ കൺവീനർ ചാണ്ടി കായത്തൊലി, സിസ്റ്റർ ജെസ്സി, ബ്രദർ അരുൺ എന്നിവർ ആശംസകൾ നേർന്നു

# ഏന്തയാർ സെന്റ് ജോസഫ് ചർച്ച് പിതൃദിനാചരണവും, പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാളും



ഏന്തയാർ ഇടവകയിൽ പരി. ത്രിത്വത്തിന്റെ തിരുനാളും പിതൃദിനാചരണവും നടത്തപ്പെട്ടു. ബലിയർപ്പണത്തിന് റവ.ഫാ. ജോൺ വിയാനി മറ്റുപ്പിള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഇടവകയിലെ മുതിർന്നവരെ ആദരിച്ചു. ദിവ്യബലിയുടെ ആരംഭത്തിൽ പ്രധാന കവാടത്തിൽ നിന്നും അവരെ സ്വീകരിച്ചാനയിക്കുകയും പ്രത്യേകം തയ്യാറാക്കിയ ഇരിപ്പിടങ്ങളിൽ ഇരുത്തുകയും അവർക്കായി പ്രത്യേക പ്രാർത്ഥന നടത്തപ്പെടുകയും ചെയ്തു. ദിവ്യബലിക്ക് ശേഷം നടന്ന മീറ്റിംഗിൽ കുട്ടികൾ പിതാക്കന്മാരെ പൂക്കൾ നൽകി സ്വീകരിക്കുകയും ഉപഹാരങ്ങൾ നൽകുകയും ചെയ്തു. സ്നേഹവിരുന്നും നടത്തപ്പെട്ടു.

---

## പ്രവേശനോത്സവം – പൊതി

പൊതി സെന്റ് മൈക്കിൾസ് മതബോധന യൂണിറ്റിന്റെ സൺഡേ സ്കൂൾ പ്രവേശനോത്സവം 9–6–19 ഞായറാഴ്ച നടന്നു. രാവിലെ 9ന് ആരംഭിച്ച ദിവ്യബലിക്ക് അധ്യാപകർ നേതൃത്വം നല്കി. ദിവ്യബലി മധ്യേ അധ്യാപകർ കത്തിച്ച തിരികളുമേന്തി പ്രതിജ്ഞയെടുത്തു. ദിവ്യബലിക്ക് ശേഷം നടന്ന പ്രവേശനോത്സവത്തിൽ നേഴ്സറി വിഭാഗത്തിൽ നിന്നും 1–ാം ക്ലാസിലേക്ക് പ്രവേശനം നേടിയ 9 കുട്ടികളെ ബൈബിൾ വാക്യങ്ങൾ രേഖപ്പെടുത്തിയ തൊപ്പി അണിയിച്ച് സ്വീകരിച്ചു. തുടർന്ന് 12–ാം ക്ലാസ് വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും മധുരം നല്കി. പ്രവേശനോത്സവ പരിപാടികൾക്ക് ഇടവക വികാരി റവ.ഫാ. ഔസേപ്പ് പുത്തൻപറമ്പിൽ പ്രഥമാധ്യാപകൻ ശ്രീ. സോജൻ പുളിക്കൽ എന്നിവർ നേതൃത്വം നല്കി.

## ആവേമരിയ

ലീജിയൻ ഓഫ് മേരി ചങ്ങനാശ്ശേരി കൂരിയായിലെ പ്രസീദിയങ്ങളുടെ ഏകദിനധ്യാനം പൂവം സെന്റ് ജോസഫ് ദൈവാലയത്തിൽ 2019 മെയ് 18 ശനിയാഴ്ച വികാരി ഫാ. റൊണാൾഡ് മാത്യുവിന്റെ നേതൃത്വത്തിൽ നടത്തി. കൊമ്മീസിയം ഡയറക്ടർ ഫാ. ജോർജ്ജ് മേരിമംഗലം സ്വാഗതമാശംസിച്ചു. ഫാ. ജേക്കബ് തടത്തിൽ വചനസന്ദേശം നൽകി. വനവാതുക്കര, തിരുവല്ല, വൈശ്യംഭാഗം, ചങ്ങനാശ്ശേരി, പൂവം ഇടവകകളിൽ നിന്ന് 70 അംഗങ്ങൾ പങ്കെടുത്തു. സ്ത്രീകൾ, സ്വന്തം വ്യക്തിത്വത്തെ തിരിച്ചറിയണം ആത്മീയ വെളിച്ചത്തിലൂടെ ജീവിതത്തെ പ്രകാശപൂരിതമാക്കണം ഈ ഭൂമിയിൽ ഒന്നിനും ശമിപ്പിക്കുവാനാവാത്ത ശൂന്യത നമ്മുടെ ഹൃദയത്തിനുണ്ട്. അതു തിരിച്ചറിയുന്ന നിമിഷം നമ്മുടെ ആത്മീയ ജീവിതം ആരംഭിക്കുന്നു ധ്യാനം നയിച്ച ഫാ. ജേക്കബ് തടത്തിൽ പറഞ്ഞു. വിശുദ്ധ കുർബാനയോടു കൂടി സമാപിച്ച ധ്യാനത്തിനുശേഷം ബ്ര. റ്റി.ഡി. മാത്യു കൃതജ്ഞത പറഞ്ഞു.

---

## മാരാമൺ ഇടവക മതബോധന ദിനം



ദിവ്യകാരുണ്യ ആരാധനയോടെ ഇടവക മതബോധനദിനത്തിന് തുടക്കം കുറിച്ചു. എല്ലാവരും വചനമാകുന്ന യേശുവിനെ വഹിച്ചുകൊണ്ട് അൾത്താരനാഥന് തന്നെത്തന്നെ സമർപ്പിച്ചു. തുടർന്ന് പെസഹാത്തിരിയിൽ നിന്ന് കത്തിച്ച ദീപനാളങ്ങൾ ഏറ്റുവാങ്ങിക്കൊണ്ട് പ്രതിജ്ഞ നിറവേറ്റി. ദിവ്യബലിയെത്തുടർന്ന് സി.എം.എൽ. തിരുബാലസഖ്യം എന്നീ സംഘടനകളുടെ ഉദ്ഘാടനം റവ.സി. സെറിറ്റ നിർവ്വഹിച്ചു. ഭാവാഹികളായി പ്രസിഡന്റ് – ജുവാൻ മറിയം ജോസഫ്, വൈസ്പ്രസിഡന്റ് – റിയ റെനി, സെക്രട്ടറി – രുക്സ മറിയം നെൽസൺ, ജോ.സെക്രട്ടറി – ലെനാ രാജു, ഖജാൻജി – സാഹിൽ സജു, കോർഡിനേറ്റർ – റോണി റോയി, ജുവൽ കാതറിൻ ജോസഫ് എന്നിവരെ തെരഞ്ഞെടുത്തു.

## സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയം ചീന്തലാർ



ചീന്തലാറിൽ 2019 മെയ് 26 മതബോധന ഒരുക്കദിനമായി ആചരിച്ചു. ദിവ്യബലി മധ്യേ ബഹു. വികാരി മതാധ്യാപകരെ പേരുചൊല്ലി വിളിച്ച് സത്യപ്രതിജ്ഞയിലൂടെ മതാധ്യാപകരായി നിയോഗിച്ചു. ദിവ്യബലിക്കു ശേഷം മതാധ്യാപകരുടെ യോഗം നടന്നു.

## പ്രവേശനോത്സവം



ചീന്തലാറിൽ 2019 ജൂൺ 2 ന് പ്രവേശനോത്സവം റവ.ഫാ. സെബാസ്റ്റ്യൻ പ്ലാന്തോട്ടം ഉദ്ഘാടനം ചെയ്തു. പുതിയ കുട്ടികൾക്ക് ബലൂണുകളും മധുരവും നൽകി സ്വീകരിച്ചു.

## പ്രവേശനോത്സവവും, സ്വർഗ്ഗാരോഹണതിരുനാളും

ഏന്തയാർ സെന്റ് ജോസഫ് ദൈവാലയത്തിൽ ജൂൺ 2-ന് വികാരി ഫാ.ജോർജ്ജ് കളീക്കലിന്റെ നേതൃത്വത്തിൽ മതബോധന പഠനത്തിന് ആരംഭം കുറിക്കുന്ന കൊച്ചുകുട്ടികളെ പൂച്ചെണ്ട് നൽകി പ്രധാന കവാടത്തിൽ നിന്നും ബലിയർപ്പണവേദിവരെ സ്വീകരിച്ചു. ദിവ്യബലിക്ക് ശേഷം നടത്തപ്പെട്ട മീറ്റിംഗിൽ മതാദ്ധ്യാപകരുടെ സത്യപ്രതിജ്ഞാചടങ്ങും നടത്തപ്പെട്ടു. മതാദ്ധ്യാപകരും വിദ്യാർത്ഥികളും ദിവ്യബലിക്ക് നേതൃത്വം നൽകി.

## സെന്റ് ആൻസ് പള്ളിവാസൽ



മലമുകളിൽ പണിതുയർത്തിയ അനുഗ്രഹത്തിന്റെ ഉറവിടമായ സെന്റ് ആൻസ് ദേവാലയം. ഈ ദേവാലയത്തിലെ 2019 – 20 മത ബോധന അദ്ധ്യയന വർഷത്തിലെ സെന്റ് ആൻസ് യൂണിറ്റിന്റെ ഔദ്യോഗികമായ ഉദ്ഘാടനം വി. കുർബാനയ്ക്കുശേഷം ലിറ്റിൽ ഫ്ളവർ സ്കൂൾ ഹെഡ്മിസ്ട്രസ് സി. റോസിലി തോമസ് നിർവ്വഹിച്ചു വികാരി റവ. ഫാ. ഷിന്റോ വെളിപറമ്പിൽ, മതാദ്ധ്യാപകർ, പി.ടി.എ. അംഗങ്ങൾ, മാതാപിതാക്കൾ, കുട്ടികൾ തുടങ്ങിയവർ പങ്കെടുത്തു. സെന്റ് ആൻസ് ദേവാലയം ഈ വർഷം ഏറ്റെടുത്തു നടത്തുന്ന ചലഞ്ചസ് 8 എന്ന കർമ്മപദ്ധതിയിലുൾപ്പെട്ട ഹരിത ദേവാലയം, എന്റെ വിശുദ്ധൻ, വചനം 100, പരിചയപ്പെടാം, കൈത്താങ്ങ്, കുടുംബവും ദൈവവിളിയും, ആശാകിരണം തുടങ്ങിയ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും തുടർന്ന് നടത്തപ്പെട്ടു.

**കർമ്മ പദ്ധതികൾ**

1 ഹരിത ദേവാലയം – പള്ളിയും, പരിസരവും പ്ലാസ്റ്റിക് വിമുക്തമാക്കി, പൂക്കളും പച്ചക്കറികളും നട്ടുപിടിപ്പിക്കുന്നു.

2. എന്റെ വിശുദ്ധൻ – നറുക്കടുപ്പിലൂടെ ലഭിച്ച വിശുദ്ധന്റെ മാദ്ധ്യസ്ഥ്യം ഒരു വർഷം മുഴുവൻ യാചിച്ച് പ്രാർത്ഥിക്കുന്നു.

3. വചനം 100 –ഒരു വർഷം കൊണ്ട് 100 വചനം ഹൃദിസ്ഥമാക്കുന്നു.

4. പരിചയപ്പെടാം –ബൈബിളിൽ സൂചിപ്പിക്കുന്ന പ്രമുഖ വ്യക്തികളെ പരിചയപ്പെടൽ

5. കൈത്താങ്ങ് – അധ്യാപക വിദ്യാർത്ഥികൾ ഒരു വർഷത്തിൽ 3 തവണ കൈത്താങ്ങ് ധനം സമാഹരിച്ച് പാവപ്പെട്ടവർക്ക് കൈമാറൽ

---

## മോഡൽ ക്ലാസ്

ചീന്തലാർ സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ 2019 ജൂൺ 2–ന് അധ്യാപകരുടെ മോഡൽ ക്ലാസ് നടത്തുകയും മതാധ്യാപകർ പഠന സഹായികളുമായി ക്ലാസ്സെടുക്കുകയും ചെയ്തു.

# വിദ്യാഭ്യാസ രംഗം

**TTC(D.Ed), B.Ed, അദ്ധ്യാപകാർത്ഥികളുടെ ശ്രദ്ധയ്ക്ക്,**

വിജയപുരം കോർപ്പറേറ്റ് മാനേജ്മെന്റിൽപ്പെട്ട സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി 2019 സെപ്റ്റംബർ 30 ന് അവസാനിക്കുകയാണ്. അടുത്ത റാങ്ക് ലിസ്റ്റ് ഉടനെ പ്രസിദ്ധീകരിക്കേണ്ടിയിരിക്കുന്നു. ആയതിനാൽ ടി.ടി.സി. (ഡി.എഡ്), ബി.എഡ്, ഇവ പാസ്സായ രൂപതാംഗങ്ങളായ ഉദ്യോഗാർത്ഥികൾ 2019 ആഗസ്റ്റ് 10 -ാം തീയതി വൈകിട്ട് 5 മണിക്കകം വിജയപുരം കോർപ്പറേറ്റ് മാനേജ്മെന്റ് എഡ്യൂക്കേഷൻ ഓഫീസിൽ അപേക്ഷ നല്കേണ്ടതാണ്. അപേക്ഷാ ഫോറം ഓഫീസിൽ നിന്നും ജൂലൈ 8 മുതൽ ലഭിക്കും. രജിസ്ട്രേഷൻ ഫീസ് 500 രൂപ ആണ്. കാലാവധി അവസാനിക്കുന്ന റാങ്ക് ലിസ്റ്റിലുള്ള ഒന്നാം റാങ്കുകാർ ഉൾപ്പടെ ഇതുവരെയും ലീവ് വേക്കൻസിയിലേയ്ക്ക് വിളിക്കപ്പെടാത്തവർക്കും പുതുതായി പരീക്ഷയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്കും പുതിയ പരീക്ഷയ്ക്കായി അപേക്ഷിക്കാവുന്നതാണ്. പഴയ റാങ്ക് ലിസ്റ്റിലുള്ള ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്ക് പ്രത്യേക വെയ്റ്റേജ് ഉണ്ടായിരിക്കുന്നതാണ്. ഒരു കുടുംബത്തിൽ ഒരാൾക്ക് രൂപത വക എയ്ഡഡ് സ്കൂളിൽ ജോലിയുണ്ടെങ്കിൽ ആ വ്യക്തിയുടെ ഭാര്യയോ, ഭർത്താവോ, വിവാഹം കഴിക്കാത്ത സഹോദരങ്ങളോ, മക്കളോ അപേക്ഷിക്കേണ്ടതില്ല.

**താഴെ പറയുന്ന നിർദ്ദിഷ്ഠയോഗ്യതയുള്ളവർക്ക്
ഗ്രേസ് മാർക്ക് ലഭിക്കുന്നതാണ്.**

1. ദളിത് ക്രൈസ്തവ വിഭാഗത്തിൽപ്പെട്ടവർ
2. 65 % മാർക്കിൽ കൂടുതൽ ഉള്ളവർ
3. TET പരീക്ഷ പാസായവർ (സർക്കാർ ഉത്തരവ് നമ്പർ 199/2011 തീയതി 01.01.2011)
4. ഉന്നത വിദ്യാഭ്യാസയോഗ്യത ഉള്ളവർ (B.A, M.A, M.Sc, M.Ed)
5. നമ്മുടെ രൂപതാംഗങ്ങൾ തമ്മിൽ വിവാഹം കഴിച്ചവർ

**വിദ്യാഭ്യാസയോഗ്യത**

പ്രൈമറി അധ്യാപകർ - (LPST , UPST) +2, D.Ed (TTC)

ഹൈസ്ക്കൂൾ അധ്യാപകർ (HST) B.A/B.Sc, B.Ed

സെപ്റ്റംബർ 7-ാം തീയതി ശനിയാഴ്ച 11 മണി മുതൽ ഒരു മണി വരെ എഴുത്തുപരീക്ഷയും,9-ാം തീയതി തിങ്കളാഴ്ച രാവിലെ 10 മണി മുതൽ ടി.ടി.സി. ഉദ്യോഗാർത്ഥികൾക്കും, 11-ാം തീയതി ബുധനാഴ്ച

രാവിലെ 10 മണി മുതൽ ബി.എഡ് ഉദ്യോഗാർത്ഥികൾക്കും ഇന്റർവ്യൂവും മോഡൽ ക്ലാസ്സും കോട്ടയം ഹോളി ഫാമിലി ഹയർസെക്കണ്ടറി സ്കൂളിൽ വച്ച് നടത്തപ്പെടുന്നു. എഴുത്ത് പരീക്ഷയ്ക്ക് 100 മാർക്കും ഇന്റർവ്യൂവിന് 50 മാർക്കും ആയിരിക്കും. എഴുത്ത് പരീക്ഷയിലും, ഇന്റർവ്യൂവിലും പങ്കെടുക്കുന്നവർക്ക് മാത്രമേ Rank list-ൽ ഇടം നേടാൻ കഴിയുകയുള്ളൂ. യോഗ്യതാ സർട്ടിഫിക്കറ്റുകൾ ഇന്റർവ്യൂ സമയത്ത് ഹാജരാക്കേണ്ടതാണ്. മെറിറ്റ്, എഴുത്തുപരീക്ഷ, ഇന്റർവ്യൂ, മോഡൽക്ലാസ്സ്, ഇടവകയിലെ വിവിധ പ്രവർത്തനങ്ങൾ എന്നിവ വിലയിരുത്തിയായിരിക്കും റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുക. താമസിച്ചു ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**എഴുത്തു പരീക്ഷ- സിലബസ്സ്**

1. കാറ്റിക്കിസം (50 മാർക്ക്)
   a. കത്തോലിക്കസഭയുടെ മതബോധനഗ്രന്ഥം സംക്ഷേപം (അനുബന്ധമായി ചേർത്തിരിക്കുന്ന പൊതുപ്രാർത്ഥനകളും)
   b. കെ.ആർ.എൽ.സി.ബി.സി. വേദപാഠപുസ്തകം 10-ാം ക്ലാസ്സു മുതൽ 12-ാം ക്ലാസ്സുവരെ.
   c. യൂത്ത് കാറ്റിക്കിസം (YOU CAT)
   d. *Christus vivit* ( Christ is alive), Post - Synodal Apostolic exhortation of Pope Francis.
   (മുകളിൽ പ്രതിപാദിച്ചിരിക്കുന്ന പുസ്തകങ്ങൾ വിജയപുരം ബിഷപ്സ് ഹൗസിൽ പ്രവർത്തിക്കുന്ന ബുക്ക് സ്റ്റോളിൽ ലഭ്യമാണ്.)
2. ജനറൽ ഇംഗ്ലീഷ് (20 മാർക്ക്)
3. ടി.ടി.സി.ക്കാർക്ക് സോഷ്യൽ സയൻസ്, കണക്ക്, (5 മുതൽ 7 വരെ) (30 മാർക്ക്)
   ബി.എഡ്.കാർക്ക് അവരവരുടെ വിഷയങ്ങൾ (8 മുതൽ 10 വരെ) (30 മാർക്ക്)

**NB:**1) കാറ്റിക്കിസം, ടി.ടി.സി (ഡി.എഡ്), ബി.എഡ് എന്നിവയ്ക്ക് Question pattern : One word, Paragraph, Long answer എന്നീ ക്രമത്തിൽ ആയിരിക്കും. ജനറൽ ഇംഗ്ലീഷിന് Basic grammar , Letter writing, Precis writing എന്നീ ക്രമത്തിൽ ആയിരിക്കും.
2) അപേക്ഷാഫോറത്തിന്റെ കൂടെ വികാരിയച്ചന്റെ കത്തും ഉണ്ടായിരിക്കേണ്ടതാണ്.

കോർപ്പറേറ്റ് മാനേജർ

## ആദ്യാക്ഷരം കുറിക്കൽ

ചീന്തലാർ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ 2019 ജൂൺ 9-ാം തീയതി പെന്തക്കുസ്താ തിരുനാളിൽ ബഹു. വികാരി ഫാ. ജോസ് കുരുവിള കാടന്തുരുത്തേൽ ഇടവകയിലെ 6 കുട്ടികളെ ആദ്യാക്ഷരം എഴുതിച്ചു.



മതാധ്യാപക മൂന്നാർ മേഖലാ സമ്മേളനം, ഫാ. റ്റിജോ മറ്റപ്പിള്ളി ഉദ്ഘാടനം ചെയ്യുന്നു.

## പരേതരെ സ്മരിക്കാം – ജൂലൈ

| | | |
|---|---|---|
| 1 | (1955) | Fr.Joseph Mundancherry |
| 3 | (2000) | Fr.John Thattarady |
| 9 | (1955) | Fr.Silverio OCD |
| 10 | (1979) | Fr.Daniel OCD |
| 12 | (1941) | Fr.Francis OCD |
| 13 | (1997) | Fr.Joseph Illimoottil |
| 20 | (2012) | Fr.Peter S.Dcruz |
| 23 | (2006) | Fr.Joseph M De Almeida |
| 24 | (1989) | Fr.Alphonse Mary OCD |
| 24 | (1995) | Fr.Nemesius OCD |
| 31 | (2010) | Fr.Augustine Munduvalayil |
| | (2015) | Fr.Augustine Vairamon |



2019-20 വർഷത്തെ സി.എം.എൽ. തിരുബാലസഖ്യം ഭാരവാഹികളും, അദ്ധ്യാപകരും പി.റ്റി.എ. അംഗങ്ങളും വികാരി റവ.ഫാ. മാത്യു സുഭാഷ് വ്യാക്കഴയോടും, എച്ച്.എം. റവ. സിസ്റ്റർ ബീന നെറ്റോയോടുമൊപ്പം.



കുമരകം സെന്റ് പീറ്റേഴ്സ് മതബോധന യൂണിറ്റിൽ 2019-20 അധ്യയന വർഷാരംഭത്തിന്റെ ഉദ്ഘാടനം റവ.ഫാ. മാത്യു സുഭാഷ് വ്യാക്കഴ നിർവ്വഹിക്കുന്നു.

# അഭിനന്ദനങ്ങൾ



## ഫാ. ഡാനി ആന്റണി പനച്ചിത്തറ ഒ.സി.ഡി.

പാക്കിൽ ഇടവകാംഗമായ ബ്ര. ഡാനി ആന്റണി 2019 ഏപ്രിൽ 27-ാം തീയതി മഞ്ഞുമ്മേൽ ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ ദൈവാലയത്തിൽവച്ച് തിരുപ്പട്ടം സ്വീകരിച്ചു. 2019 മെയ് 2-ന് പാക്കിൽ ദൈവാലയത്തിൽ പ്രഥമ ദിവ്യബലി അർപ്പിച്ചു. പനച്ചിത്തറ ആന്റണി- എലിസബേത്ത് ദമ്പതികളുടെ മകനായ ഫാ. ഡാനി. ദിവംഗതനായ ഫാ. വെയിസ് പനച്ചിത്തറയുടെ സഹോദരപുത്രനാണ്.

---



## ഡോ. മിലിയ സൂസൻ ജോസഫ്

എം.ജി. സർവ്വകലാശാലയിൽ നിന്നും ഫിസിക്സ് പഠനം കൂടുതൽ അനായാസകരവും ആസ്വാദ്യകരവുമാക്കുവാനുള്ള പുതിയ പഠന പദ്ധതി വിഭാവനം ചെയ്യുന്നതിൽ ഡോക്ടറേറ്റ് നേടിയ മിലിയ സൂസൻ ജോസഫ്. പാക്കിൽ ഇടവക, മറിയപ്പള്ളി ഹോളിക്രോസ് കുടുംബകൂട്ടായ്മയിലെ ചൂതംപറമ്പിൽ റ്റിജു ഏബ്രഹാമിന്റെ ഭാര്യയാണ്.



എം.ബി.ബി.എസ്. പാസ്സായ
പാമ്പനാർ ഇടവകാംഗം
**അജി ബൗളിൻ മോനിഷ എസ്**



സംസ്ഥാന മതബോധന
പരീക്ഷയിൽ സമ്മാനാർഹയായ
**ആൻ മരിയ മുണ്ടക്കയം**

## പത്താം ക്ലാസ്സ് പരീക്ഷയിൽ ഫുൾ എ പ്ലസ് കരസ്ഥമാക്കിയ പാമ്പനാർ ഇടവകാംഗങ്ങൾ



**ആൻ മരിയ**



**ജോസഫ് പോസ്സി**



പ്ലസ് ടു പരീക്ഷയിൽ
ഫുൾ എ പ്ലസ് കരസ്ഥമാക്കിയ
പാക്കിൽ ഇടവകാംഗം
**ടോണിഎസ്. ചെരിയത്ത്**



പത്താം ക്ലാസ്സ് പരീക്ഷയിൽ
ഫുൾ എ പ്ലസ് കരസ്ഥമാക്കിയ
പാക്കിൽ ഇടവകാംഗം
**അലൻ ജോൺ പനച്ചിമൂട്ടിൽ**



തുടർച്ചയായി രണ്ടു വർഷക്കാലം മുടങ്ങാതെ ദിവ്യബലിയിലും അനുബന്ധ ശുശ്രൂഷകളിലും പങ്കെടുത്ത ജോബ് യേശുദാസ് എന്ന കുട്ടിക്കും എല്ലാ ദിവസവും ദിവ്യബലിയിൽ സംബന്ധിച്ച അൾത്താര ബാലന്മാർക്കും പ്രത്യേകം സംഘടിപ്പിച്ച അനുമോദന സമ്മേളനത്തിൽ സമ്മാനം നൽകി. മുഖ്യാതിഥിയായി റവ.ഫാ. ജോൺ വിയാനി മറ്റുപ്പിള്ളിൽ പങ്കെടുത്തു.

# വി.എസ്.എസ്.എസ്. വാർത്തകൾ

## ലോക പുകയില വിരുദ്ധദിനാചരണം




ലോക പുകയില വിരുദ്ധ ദിനത്തോടനുബന്ധിച്ച് വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കോട്ടയം നാഗമ്പടം പ്രൈവറ്റ് ബസ്സ് സ്റ്റാൻഡിൽ കേരള എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെയും, ഗ്ലോബൽ കാൻസർ കൺസേൺ ഇൻഡ്യയുടെയും, കോട്ടയം ചൈൽഡ് ലൈനിന്റെയും സഹകരണത്തോടെ ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. വി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ സ്വാഗതം ആശംസിച്ചു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. കോട്ടയം നഗരസഭ ചെയർപേഴ്സൺ ഡോ. പി.ആർ. സോന അദ്ധ്യക്ഷയായിരുന്നു. കോട്ടയം എക്സൈസ് അസ്സി. കമ്മീഷണൽ എം.എം. നാസ്സർ ആമുഖ സന്ദേശം നൽകി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സണ്ണി പാമ്പാടി പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. എക്സൈസ് കമ്മീഷണർ റ്റി.ഒ. രാജീവ്, ഗ്ലോബൽ കാൻസർ കൺസേൺ ഇൻഡ്യ ജനറൽ മാനേജർ മഞ്ജു സുജിത്ത്, ലൈബ്രറി കൗൺസിൽ കോട്ടയം താലൂക്ക് പ്രസിഡന്റ് ബാബു, എക്സൈസ് ഇൻസ്പെക്ടർ റോയി. എം. തോമസ്സ് എന്നിവർ പ്രസംഗിച്ചു. പാലാ സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷനിലെയും കോട്ടയം ബസേലിയസ് കോളേജിലേയും കുട്ടികൾ ഫ്ളാഷ് മോബുകളും കലാപരിപാടികളും അവതരിപ്പിച്ചു.

# ആഗോള ബാലവേല വിരുദ്ധദിനം



ചൈൽഡ് ലൈൻ കോട്ടയം, സംസ്ഥാന തൊഴിൽ വകുപ്പ്, ശിശുസംരക്ഷണ സമിതി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ കോട്ടയം സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ നടത്തിയ ബാലവേല വിരുദ്ധ ദിനാചരണം ജില്ലാ കളക്ടർ പി.കെ. സുധീർബാബു ഐ.എ.എസ്. ഉദ്ഘാടനം ചെയ്തു. ജില്ലാ ലേബർ ഓഫീസർ പി.ജി. വിനോദ്കുമാർ അദ്ധ്യക്ഷനായിരുന്നു. ലോഗോ പ്രകാശനം വി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ നിർവ്വഹിച്ചു. നോഡൽ ഓഫീസർ ഡോ. ഐപ്പ് വർഗ്ഗീസ് ആമുഖ സന്ദേശം നൽകി. ജില്ലാ ശിശുസംരക്ഷണസമിതി അദ്ധ്യക്ഷൻ ബിനോയ് വി. ജെ. മുഖ്യപ്രഭാഷണം നടത്തി. സബ് ജഡ്ജി റ്റിറ്റി ജോർജ് ആശംസയർപ്പിച്ചു. അഡ്വ. രാജി പി. ജോയി ബോധവത്ക്കരണ ക്ലാസ് നയിച്ചു. ചൈൽഡ് ലൈൻ കോ. ഓർഡിനേറ്റർ മാത്യു ജോസഫ് നന്ദി പറഞ്ഞു.

---



കോട്ടയം നല്ലയിടയൻ ഇടവകയുടെ "ഈശോയ്ക്കൊരു ഭവനം" പദ്ധതി പ്രകാരം നിർമ്മിച്ച 19-ാമത് വീടിന്റെ താക്കോൽദാനം വികാരി റവ. ഫാ. ബേസിൽ പാദുവ ഒ.സി.ഡി. നിർവ്വഹിക്കുന്നു.

# വി.ഷെയർ ഏ.സി.എസ്.ഐ. സംഗമം






വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കുടുംബക്ഷേമ പദ്ധതികളിലൊന്നായ വീ- ഷെയറിന്റെയും, കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ഏ.സി.എസ്.ഐയുടെയും ഗുണഭോക്താക്കളുടെ സംഗമം കുട്ടിക്കാനം ആനിമേഷൻ സെന്ററിൽ വി.എസ്.എസ്.എസ്. അസി. ഡയറക്ടർ ഫാ. ഫെലിക്സ് ദേവസ്യ യുടെ അദ്ധ്യക്ഷതയിൽ നടന്നു. പ്രമുഖ സൈക്കോളജിസ്റ്റ് ഗ്രേസ് ലാൽ, നിവ്യജോയൽ എന്നിവർ ക്ലാസ് നയിച്ചു.

മൂന്നാർ മേഖലയിൽ നടന്ന സംഗമം വി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ ഉദ്ഘാടനം ചെയ്തു. ഫാ. ഷിന്റോ വെളിപ്പറമ്പിൽ അദ്ധ്യക്ഷനായിരുന്നു. കോ. ഓർഡിനേറ്റർ റവ.സി. സൂസൻ മേഖലാ കോ-ഓർഡിനേറ്റർ സാബുമോൻ വി. ജെ. എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

**ആശാകിരണം കാൻസർ സാന്ത്വന പദ്ധതിയിലേക്ക് ഇടവക വികസന സമിതികൾ നൽകിയ തുക.**

മാരാമൺ 1300/- കാഞ്ഞിരപ്പാറ- 1630/-, പെരുവ-4030/-

# തൊഴിലവസരം

1. കേന്ദ്രസർക്കാരിന്റെ സഹകരണത്തോടെ വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കിവരുന്ന ചൈൽഡ്‌ലൈൻ പ്രോഗ്രാമിൽ ടീം മെമ്പർ തസ്തികയിലേക്ക് +2 പാസ്സായ ടൂ വീൽ, ഫോർ വീൽ ലൈസൻസുള്ള പുരുഷന്മാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

2. കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്ന പ്രളയാനന്തര പുനർനിർമ്മിതി പ്രവർത്തനങ്ങളുടെ കോ-ഓർഡിനേറ്റർ തസ്തികയിലേക്ക് എം.എസ്.ഡബ്യൂ, എം.എ. സോഷ്യോളജി, എം.എ. റൂറൽ ഡവലപ്മെന്റ് ഇവയിലേതെങ്കിലും പാസായിട്ടുള്ള പുരുഷന്മാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ടൂ വീൽ, ഫോർ വീൽ ലൈസൻസ് അഭികാമ്യം.

അപേക്ഷകൾ ഇടവകവികാരിയുടെ സാക്ഷ്യപത്രത്തോടൊപ്പം വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ലഭിക്കേണ്ട അവസാന തീയതി ജൂലൈ 7.



ശാന്തൻപാറ സ്ഥൈര്യലേപന സ്വീകരണം



ഇൻഫന്റ് ജീസസ് മൈനർ സെമിനാരി അധ്യയനവർഷാരംഭ ദിവ്യബലി



# അഭിവന്ദ്യ പിതാവിന്റെ
## ആഗസ്റ്റ് മാസ പരിപാടികൾ

| | | |
|---|---|---|
| 02 വെള്ളി | - | PPD |
| 03 ശനി 6.30 am | - | ദിവ്യബലി, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| 05 തിങ്കൾ 6.30 am | - | ദിവ്യബലി, വിമലഗിരി കത്തീഡ്രൽ<br>അഭി. കോർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവിന്റെ<br>8-ാം ചരമവാർഷികം |
| 05-09 | - | മെത്രാന്മാരുടെ വാർഷിക ധ്യാനം,<br>സെന്റ് തോമസ് മൗണ്ട് കാക്കനാട് |
| 10-17 | - | യാത്ര |
| 29 വ്യാഴം 11.00 am | - | വിവാഹാശിർവാദം,<br>അസംപ്ഷൻ ചർച്ച്, വണ്ടിപ്പെരിയാർ |
| 30 വെള്ളി | - | PPD |



ഏബ്രഹാം മാർ യൂലിയോസ് പിതാവിന് യാത്രയയപ്പ്



കല്ലാർ സ്ഥൈര്യലേപന സ്വീകരണം



ഇടവക മതബോധനദിനത്തിന്റെ രൂപതാതല ഉദ്ഘാടനം ഡയറക്ടർ ഫാ. വർഗ്ഗീസ് കോട്ടയ്ക്കാട്ട് ചെങ്ങളം സെന്റ് ജോസഫ് ഇടവകയിൽ നിർവഹിക്കുന്നു. വികാരി ഫാ. ജിജോ കുടിലിൽ സമീപം.



ജൂലൈ 2 അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവിന്റെ മെത്രാഭിഷേക വാർഷികവും 30-ന് ജന്മദിനവുമാണ്. അഭിവന്ദ്യ പിതാവിന് ഏറ്റവും ആദരവോടെ പ്രാർത്ഥനാശംസകളും മംഗളങ്ങളും രൂപതാമക്കൾ ഒന്നുചേർന്ന് അർപ്പിക്കുന്നു.

**AD MULTOS ANNOS**

JULY 2019
Vol. 12 • Issue 7
*Published on*
1st July 2019

vijayapuradhuthu
(MONTHLY)
Annual Subscription ₹ 60.00

Registered No. KL/KTM/117/2017-19
LIC. No. KL/CR/KTM/WPP-09/2017-19
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA

## മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം



# ECOBURN™

**MOST ECONOMICAL ECO–FRIENDLY SOLID WASTE BURNER**

വൈദ്യുതി, ഗ്യാസ്, ഓയിൽ തുടങ്ങിയ യാതൊരുവിധ ഇന്ധന സഹായവുമില്ലാതെ തികച്ചും പരിസ്ഥിതി സൗഹൃദപരമായി ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള നൂതന സാങ്കേതിക വിദ്യ. മലിനീകരണ നിയന്ത്ര സംവിധാനത്തോടെ, ഫ്ളാറ്റുകൾ, ആശുപത്രികൾ ഹോസ്റ്റലുകൾ, ഓഡിറ്റോറിയങ്ങൾ, ഹോട്ടലുകൾ ഷോപ്പിംഗ് കോംപ്ലക്സ്, പൊതുമാർക്കറ്റുകൾ, വീടുകൾ എന്നിവയിൽ നിന്നുള്ള ഖരമാലിന്യ പ്രശ്നങ്ങൾക്ക് ചിലവു കുറഞ്ഞ രീതിയിൽ ശാശ്വത പരിഹാരം.

- ലളിതമായ പ്രവർത്തനരീതി
- പരിപാലന ചിലവ് ഇല്ല
- ആവശ്യാനുസരണമുള്ള ഡിസൈൻ
- വളരെ കുറഞ്ഞ സ്ഥാപിത ചിലവ്

**ecoway TECHNOLOGIES PVT. LTD.**

**Perumbaikadu P.O., Neelimangalam**
**Kottayam - 686028**
**Ph: 0481-2397752/9400316501**

**ENVIRONMENTAL CONSULTANTS & MANUFACTURES OF:**

WATER & WASTE WATER TREATMENT PLANTS • SOLID WASTE DISPOSAL SYSTEMS • AIR POLLUTION CONTROL STSTEMS

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180